## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5940** — 07.07.2014 ലെ മറുപടിക്ക്

### ആലപ്പുഴ നഗരസഭയിൽ വീട് നിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ : | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ നഗരസഭയിൽ വീട് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ലഭിക്കുന്നതിനായി തീരദേശ പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; നഗരസഭാ ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ ; | (എ) 163 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വാർഡ് തിരിച്ചുള്ള അപേക്ഷകളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട് ; തീർപ്പാക്കാനുള്ള അപേക്ഷകൾ എത്ര ; പെർമിറ്റ് നൽകുന്നതിനുള്ള തടസ്സം എന്താണ് ; വ്യക്തമാക്കുമോ ; | (ബി) 129 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 34 അപേക്ഷകൾ തീർപ്പാക്കുന്നതിന് ബാക്കിയുണ്ട്. ഇതിൽ ഒരു അപേക്ഷ CRZ ന്റെ അനുമതിക്കായി നൽകുകയും മറ്റൊരപേക്ഷയിൽ പ്ലാനിലെ ലംഘനം മാറ്റി നൽകുന്നതിനായി അപേക്ഷകന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 32 അപേക്ഷകൾ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഓവർസിയർക്ക് നൽകിയിട്ടുണ്ട്. |
| (സി) സി.ആർ.ഇസഡ്. നിയമം കാരണം പെർമിറ്റ് നൽകാത്ത എത്ര അപേക്ഷകൾ ഉണ്ട് ;വിശദമാക്കുമോ ? | (സി) CRZ ന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥലത്ത് അനുമതി ഇല്ലാതെ നിർമ്മിച്ച വാസഗൃഹം ക്രമവത്ക്കരിക്കുന്നതിനായി നൽകിയ ഒരു അപേക്ഷ തീർപ്പാക്കാതെയുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വാർഡ് തിരിച്ചുള്ള അപേക്ഷകൾ

| നമ്പർ | വാർഡ് | എണ്ണം |
|---|---|---|
| 1 | കതിരപ്പന്തി | 25 |
| 2 | വാടയ്ക്കൽ | 23 |
| 3 | ബീച്ച് | 12 |
| 4 | റെയിൽവേസ്റ്റേഷൻ | 15 |
| 5 | സീ വ്യൂ | 16 |
| 6 | കാഞ്ഞിരംചിറ | 31 |
| 7 | മംഗലം | 21 |
| 8 | തുമ്പോളി | 20 |
| ആകെ | | 163 |